**ബഥനി നവജീവൻ പ്രൊവിൻസ് നടത്തുന്നതായ വിവിധങ്ങളായ ക്ഷേമ പദ്ധതികൾ / പ്രവർത്തനങ്ങൾ**

1. **നവജീവൻ ബേർഡ്സ് കർമ്മപദ്ധതിയുടേയും വെബ് സൈറ്റിൻേറയും ഉത്ഘാടനം :**

ബഥനിയുടെ ശതാബ്ദി വർഷത്തൊടനുബന്ധിച്ച് നടന്ന നവജീവൻ പ്രോവിൻസിൻെറ കീഴിലെ സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ സംഗമത്തോടനുബന്ധിച്ച് നടന്ന പൊതുയോഗത്തിലാണ് നവജീവൻ ബേർഡ്സിൻെറ കർമ്മപദ്ധതി(2018 മുതൽ 2020 വരെയുള്ള)യുടെ പ്രകാശനവും വെബ്സൈറ്റിൻെറ ഉത്ഘാടനവും 29.09.2018-ൽ, നാലഞ്ചിറ നവജീവൻ ബഥനി വിദ്യാലയത്തിൽ വച്ച് നടന്നു. പ്രസ്തുത യോഗത്തിൽ നവജീവൻ ബേർഡ്സിൻെറ കഴിഞ്ഞ വർഷത്തെ പ്രവർത്തന റിപ്പോർട്ട് എക്സിക്കൂട്ടിവ് ഡയറക്ടറായ ഫാ. മാത്യൂ മണലുവിള ഒ. ഐ. സി. അവതരിപ്പിച്ചു. അഭിവന്ദ്യ പത്തനംതിട്ട ബിഷപ്പ്, ഡോ. സാമുവേൽ മാർ ഐറേനിയോസ് കർമ്മപദ്ധതിയുടെ പ്രകാശനം നടത്തുകയും, www.navajeevanbirds.com എന്ന വെബ്സൈറ്റ് ഉത്ഘാടനം നിർവഹിക്കൂകയും ചെയ്തു.

2. **ഭവന പദ്ധതി :**

**a. ശതാബ്ദി ഭവന പദ്ധതി:**

ബഥനിയുടെ ശതാബ്ദിയുടെ ഭാഗമായി സമൂഹത്തിൽ വളരെയധികം പിന്നോക്കം നിൽക്കുന്നവർക്ക് ഒരു ഭവനം നിർമ്മിച്ചുനൽകുന്ന പദ്ധതിയാണിത്. ഇത്തരത്തിൽ 11 വീടുകൾ നിർമ്മിച്ചു നൽകി. 6 വീടുകൾ പൂർണ്ണമായി നിർമ്മിച്ചു നൽകുന്നതിനായി 31,17,000/- രൂപ ചിലവഴിച്ചിടുണ്ട്. 5 വീടുകൾ ഭാഗികമായി നിർമ്മിക്കുന്നതിന് 1,35,000/- രൂപ ചിലവഴിച്ചിട്ടുണ്ട്.

**b. പ്രളയ ബാധിതർക്കായുള്ള ഭവന നിർമ്മാണം:**

പ്രളയത്തെ തുടർന്ന് ഭവന രഹിതരായവർക്ക് വേണ്ടി വിവിധ സ്ഥലങ്ങളിൽ നവജീവൻ പ്രോവിൻസിൻെറ സാമൂഹിക ക്ഷേമ പദ്ധതിയിലൂടെ 10 വീടുകൾ നിർമ്മിച്ചു നൽകി. 9 വീടുകൾ പൂർണ്ണമായി നിർമ്മിച്ചു നൽകുന്നതിനായി 66,82,783/- രൂപ ചിലവഴിച്ചിടുണ്ട്. ഒരു വീട് ഭാഗികമായി നിർമ്മിക്കുന്നതിന് 40, 000/- രൂപ ചിലവഴിച്ചിട്ടുണ്ട്.

c. **മിഷൻ ഭവന പദ്ധതികൾ**

i. **ഭവന പദ്ധതിക്ക് എത്യോപ്പ്യയി ൽ നൽകിയ സഹായം:**

ബഥനി സന്യാസ സമൂഹത്തിന്റെ എത്യോപ്പ്യയിലുള്ള മിഷൻ പ്രവർത്തനങ്ങൾക്ക് സഹായകമായി ബഥനി നവജീവൻ പ്രോവിൻസിന്റെ കീഴിൽ ഒരു തുക സംഭാവനയായി നൽകുവാൻ കഴിഞ്ഞു. ഫാ. തോമസ് റെജി അച്ചന്റെ സ്വിറ്റ്സർലൻറിലുള്ള ഒരു അഭ്യുദയകാംഷി വഴി ലഭിച്ച സംഭാവനയാണിത്. ഏകദേശം ഏഴോളം വീടുകൾ നവീകരിക്കുന്നതിനും, നിർമ്മിക്കുന്നതിനും ഈ തുക സഹായകമായിട്ടുണ്ട്.

ii. **ഭവന പദ്ധതിക്ക് ത്രിപുരയിൽ നൽകിയ സഹായം:**

ബഥനി സന്യാസ സമൂഹത്തിന്റെ ത്രിപുരയിലുള്ള ഭവന പദ്ധതിയിൽ 3 വീടുകൾ പൂർണ്ണമായി നിർമ്മിച്ചു നൽകുന്നതിനായി ആറ് ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.

iii. **ഭവന പദ്ധതിക്ക് പഞ്ചാബിൽ നൽകിയ സഹായം**

ബഥനി സന്യാസ സമൂഹത്തിന്റെ പഞ്ചാബിലുള്ള ഭവന പദ്ധതിയിൽ 2 വീടുകൾ പൂർണ്ണമായി നിർമ്മിച്ചു നൽകുന്നതിനായി മൂന്ന് ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്.

3. **പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ**

പത്തനംതിട്ട, മാവേലിക്കര രൂപതകളുടെ കീഴിലുള്ള സാമൂഹിക സേവന വിഭാഗങ്ങളുമായി ഒത്തു ചേർന്നാണ് ബഥനിയുടെ സോഷ്യൽ സർവീസ് ഡിപ്പാർട്ട്മെൻറ് പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിയത്. കേരള ജനതയെ ശരിക്കും ഭയപ്പെടുത്തുന്നതായിരുന്നു 2018 ആഗസ്റ്റ് മാസത്തിലുണ്ടായ വെള്ളപ്പൊക്കവും മലയിടിച്ചിലും. 500-ൽ അധികം മനുഷ്യർ ദാരുണമായ രീതിയിൽ കൊല്ലാപ്പെടുകയും, ലക്ഷക്കണക്കിനു മനുഷ്യർ സ്വഭവനങ്ങളീൽ നിന്ന് പ്രാണരക്ഷാർഥം പുനരധിവാസ കേന്ദ്രങ്ങളിൽ ആഴ്ചകൾ കഴിയുകയും ചെയ്ത കാലത്ത് ബഥനി നവജീവൻ പ്രോവിൻസിന്റെ സാമൂഹിക ക്ഷേമ വകുപ്പ് ദുരിതമനുഭവിച്ച ആളുകളുടെ സഹായത്തിനെത്തി. ഭക്ഷണവും വസ്ത്രങ്ങളും വിതരണം ചെയ്യുന്നതിനായിരുന്നു ആദ്യം ശ്രദ്ധിച്ചത്. വെള്ളപ്പൊക്കത്തെ തുടർന്ന് ഒറ്റപ്പെട്ട് കുടുംബംഗങ്ങളിൽ കഴിഞ്ഞ ആളുകളെ അവിടെ നിന്നും രക്ഷപ്പെടുത്തി, സുരക്ഷിത സ്ഥലങ്ങളിൽ എത്തിക്കാൻ മത്സ്യബന്ധന

തൊഴിലാളികളുടെ വള്ളവുമായി നമ്മുടെ വൈദീകർ ചെന്ന് അനേകം ആളുകളെ രക്ഷപ്പെടുത്തി. ഏകദേശം 4000-ത്തോളം മനുഷ്യരിലേക്ക് ഇത്തരുണത്തിൽ സഹായഹസ്തം എത്തിക്കുവാൻ സാധിച്ചു. നമ്മുടെ സ്ഥാപനങ്ങൾ, സ്റ്റാഫ് അംഗങ്ങൾ, സ്വദേശത്തും വിദേശത്തുമുള്ള അഭ്യുദയകാംഷികൾ തുടങ്ങിയവരെല്ലാം സഹകരിച്ചുള്ള രക്ഷാപ്രവർത്തനമാണ് ബഥനി നടത്തിയത്. ഈ ദുരിതത്തിൻെറ പ്രഥമ ഘട്ടത്തിൽ ചെയ്ത സഹായങ്ങൾക്കുപരിയായി പ്രളയബാധിത പ്രദേശങ്ങളിൽ മറ്റ് സഹായങ്ങൽ ലഭിക്കാതിരുന്ന ഏതാനം കുടുംബങ്ങളുടെ ഭവന നിർമ്മാണത്തിനും, വീടിൻെറ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, കുട്ടികളെ വിദ്യാഭ്യാസത്തിൽ സഹായിക്കുന്നതിനും ബഥനി നവജീവൻ സോഷ്യൽ സർവീസ് ഡിപ്പാർട്ട്മെൻറ് വഴി നമുക്ക് സാധിച്ചു.

### 4. **ഗ്രെയ്സ് കാൻസർ സഹായ പദ്ധതി.**

ദീർഘനാൾ കാൻസർ രോഗിയായിരുന്ന ഫാ. ആത്മാനന്ദാണ് പ്രൊവിൻസ് സ്ഥാപനത്തിനു ശേഷം ഈ പദ്ധതി ആരംഭിച്ചത്. രോഗത്തിൻെറ വേദനയും ചികിത്സയുടെ ക്ലേശങ്ങളും അനുഭവിച്ചിട്ടുള്ള ആത്മാനന്ദച്ചൻ, കാൻസർ രോഗം മൂലം കഷ്ടപ്പെടുന്ന പാവപ്പെട്ട ആളുകളെ സഹായിക്കാനാണ് ഈ പദ്ധതി തുടങ്ങിയത്. ശ്രീ ചിത്തിരാ കാൻസർ സെൻററിൽ ചികിത്സക്ക് വരുന്ന പാവപ്പെട്ട രോഗികൾക്ക് മരുന്നിനും മറ്റ് അത്യാവശ്യ കാര്യങ്ങൾക്കും ചിലവഴിക്കുന്നതിനുമായി ഒരു നിശ്ചിത തുക നൽകുന്നു. ഫാ. ആത്മാനന്ദ് അഭ്യുദയകാംഷികളിൽ നിന്ന് ശേഖരിച്ച് ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള തുകയുടെ പലിശയാണ് ഈ പദ്ധതിയുടെ സാമ്പത്തിക സ്രോതസ്. കാൻസർ രോഗത്തെ തുടർന്ന് കാലം ചെയ്ത ബഥനി ആശ്രമസ്ഥനും, തിരുവനന്തപുരം ആർച്ച് ബിഷപ്പുമായിരുന്ന അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയസ് തിരുമേനിയുടെ പേരിലാണ് ഈ പദ്ധതി അറിയപ്പെടുന്നത്. നവജീവൻ പ്രോവിൻസിൻെറ സാമൂഹിക സേവന വിഭാഗം വഴിയാണ് ഇതിൻെറ പ്രവർത്തനങ്ങൾ നടക്കുന്നത്. 2018 നവംബർ മുതൽ 1,79,000/- രൂപ കാൻസർ രോഗികൾക്ക് നൽകുകയുണ്ടായി. ഇത് കൂടാതെ ബഥനിയുടെ ശതാബ്ദിയുടെ ഭാഗമായി പ്രതിമാസം 1000/- രൂപ വീതം 60 കാൻസർ രോഗികൾക്ക് ലഭ്യമാക്കുന്നു.

5. **ഗ്രെയ്സ് പെയ്ൻ ആൻഡ് പാലിയേറ്റീവ് കെയർ, തൃപ്പാദം:**

ഗ്രെയ്സിൻെറ പ്രവർത്തനങ്ങളെ വിപുലപ്പെടുത്തിക്കൊണ്ട് 2016 മുതൽ തൃപ്പാദം കേന്ദ്രമാക്കി ഒരു പെയ്ൻ & പാലിയേറ്റീവ് കെയർ പ്രോഗ്രാം ആരംഭിച്ചു. ആശുപത്രിയിൽ പോകാനോ പരിചരിക്കാനോ ബന്ധുക്കളില്ലാതിരുന്ന കാൻസർ രോഗികൾക്ക് വൈദ്യപരിചരണവും, മരുന്നും, ഭക്ഷണവും, ഈ പദ്ധതി വഴി ലഭ്യമാക്കിവരുന്നു. കൂടാതെ നിർദ്ദനരായ രോഗികൾക്ക് ആശുപത്രിയിൽ പോകുന്നതിനായി സൗജന്യ ആംബുലൻസ് സേവനവും ലഭ്യമാക്കിവരുന്നു.

6. **ശതാബ്ദി ദിന സാമൂഹിക ക്ഷേമ പരിപാടികൾ:**

ശതാബ്ദി ദിന സാമൂഹിക ക്ഷേമ പരിപാടികൾ_________തിയതി ഗിരിഗീപം കൺവൻഷൻ സെൻററിൽ വച്ച് നടന്നു. പ്രസ്തുത യോഗത്തിൽ വിദ്യാഭ്യാസ ധനസഹായം, ഭവന നിർമ്മാണ ധനസാഹായം എന്നിവ നൽകി. ഇതു കൂടാതെ ബഥനിയുടെ ശതാബ്ദിയുടെ ഭാഗമായി പ്രതിമാസം 1000/- രൂപ നിരക്കിൽ 60 കാൻസർ രോഗികൾക്ക് ലഭ്യമാക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു

7. **വിദ്യാർഥികൾക്കായുള്ള വിദ്യാഭ്യാസ സഹായ പദ്ധതി:**

**a. Thy kingdom come വിദ്യാഭ്യാസ സഹായ പദ്ധതി:**

ജർമ്മനിയിലുള്ള ആഹെൻ, മ്യൂണസ്റ്റർ എന്നീ രൂപതകളിൽ നിന്നുള്ള സഹായത്തൊടുകൂടി ഫാ. പോൾ മാത്യു. ഫാ. ജസ്റ്റിൻ എന്നിവരുടെ നേതൃത്വത്തിൽ ഈ വിദ്യാഭ്യാസ സഹായ പദ്ധതി നടത്തപ്പെടുന്നു. ഇത് പ്രകാരം ആങ്ങമൂഴി, പത്തനംതിട്ട, കാഞ്ഞിരംകുളം എന്നിവിടങ്ങളിലെ 54 കുട്ടികൾക്ക് 6000/- രൂപ വീതം വിദ്യഭ്യാസ സഹായം ഈ പദ്ധതി വഴി 2019 കാലയളവിൽ നൽകി.

b. വിദ്യാഭ്യാസ സഹായ പദ്ധതി - വെറോനിക്ക വെൽഫെയർ

നിലവിൽ വെറോണിക്കാ വെൽഫയർ ഫണ്ടിൽ 49 വിദ്യാർദ്ധികൾക്കായി 3,70,000/- രൂപ നൽകിയിട്ടുണ്ട്. ഈ പദ്ധതിയിലെ ഗുണഭോക്ത്താക്കളായ വിദ്യാർഥികളെ ഉൾപ്പെടുത്തി വർഷത്തിൽ രണ്ട് പ്രാവശ്യം മീറ്റിംഗ് നടത്തും.

c. ബ്രഹർ ഫൗണ്ടേഷൻ:

ബ്രഹർ ഫൗണ്ടേഷൻ വഴി നാല് നഴ്സിംഗ് വിദ്യാർഥികൾക്ക് 1,48,000/- രൂപ നൽകി. നെടുമങ്ങാട് മേഘലയിൽ വിദ്യാർഥികൾക്കായി 3,00,000/- രൂപ വിദ്യഭ്യാസ സഹായമായി ലഭ്യമാക്കി.

d. പഠന സാമഗ്രികളുടെ വിതരണം:

നെടുമങ്ങാട്, കാഞ്ഞിരംകുളം, പത്തനംതിട്ട, കലയപുരം എന്നീ സ്ഥലങ്ങളിലെ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്കായി പഠന സാമഗ്രികൾ നൽകിവരുന്നു. 2019 വർഷത്തിൽ 886 വിദ്യാർത്ഥികൾക്ക് സ്കൂൾ ബാഗ്, നോട്ട് ബുക്ക് എന്നിവ നൽകി.

8. ചികിത്സാ സഹായം:

2018 മുതൽ അകെ 2,17,000/- രൂപ നിർദ്ധനരായ രോഗികൾക്ക് ചികിത്സാ സഹായമായി നൽകിയിട്ടുണ്ട്.

9. വിവാഹ ധന സഹായം:

നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹത്തിനായി 2018 മുതൽ അകെ 1,35,000/- രൂപ നൽകിയിട്ടുണ്ട്.

10. വെബ്സൈറ്റ്, ബ്രോഷർ വീഡിയോ മുതലായവ

a. വെബ്സൈറ്റ്:

നവജീവൻ ബേർഡ്സിനായി www.navajeevanbirds.com , ബഥനി കരുണാലയക്കായി www.bethanykarunalaya.org, തൃപ്പാദത്തിനായി www.trppaadam.org എന്നീ വെബ്സൈറ്റുകൾ നിർമ്മിക്കുകയും അവയിലെ ഉള്ളടക്കം കാലാനുസൃതമായി പുതുക്കുകയും ചെയ്തു വരുന്നു.

b. ബ്രോഷറും, കർമ്മപദ്ധതിയും:

നവജീവൻ ബേർഡ്സ്, ബഥനി കരുണാലയ, തൃപ്പാദം എന്നീ സ്ഥാപനങ്ങൾക്കായി കർമ്മപദ്ധതി, ബ്രോഷർ മുതലായവ പുർത്തിറക്കിയിട്ടുണ്ട്.

c. വീഡിയോകൾ:

ബഥനി ആശ്രമത്തിൻെറ ശതാബ്ദി, ബഥനി സോഷ്യൽ സർവീസ്, നേച്ചർ ക്യുവർ, ബഥനി കരുണാലയ, തൃപ്പാദം എന്നിവയെപറ്റിയുള്ള വീഡിയോകൾ പുറത്തിറക്കുകയും അതാത് സ്ഥാപനത്തിൻെറ വെബ്സൈറ്റിൽ ഉൾച്ചേർക്കുകയും ചെയ്തിട്ടുണ്ട്.

11. **നവജീവൻ ബേർഡ്സ് ഇടപെടുന്ന ബഥനിയുടെ മറ്റ് സാമൂഹിക ക്ഷേമ സ്ഥാപനങ്ങൾ:**

**a. ക്ഷയ രോഗ പുനരധിവാസ കേന്ദ്രം, പുലയനാർക്കോട്ട:**

ക്ഷയ രോഗ പുനരധിവാസ കേന്ദ്രത്തിൻെറ സാമൂഹിക നീതി വകുപ്പുമായുള്ള രജിസ്ട്രേഷൻ പുതുക്കി. അന്തേവാസികൾക്കുള്ള സർക്കാർ റേഷൻ പെർമിറ്റ് പുതുക്കി. പ്രതിമാസ റേഷൻ മേനംകുളത്തുള്ള സപ്ലൈക്കോ ഗോഡൗണിൽ നിന്നും ലഭ്യമാക്കുന്നു. സർക്കാർ ഫണ്ടുമായി ബന്ധപ്പെട്ട കണക്ക് ലോക്കൽ ഫണ്ട് ആഡിറ്റ് ഓഫീസിൽ സമർപ്പിച്ചു.

b. തൃപ്പാദം:

സാമൂഹിക നീതി വകുപ്പുമായുള്ള രജിസ്ട്രേഷൻ പുതുക്കി. തൃപ്പാദത്തിൻെറ വെബ്സൈറ്റ് ക്രമീകരിക്കുകയും അതിൽ ആവശ്യമായ വിവരങ്ങൾ ഉൾച്ചേർക്കുകയും ചെയ്യുന്നു.

c. ബഥനി കരുണാലയ:

ബഥനി കരുണാലയയിലെ നിയമാവലി പുറത്തിറക്കുകയും വെബ്സൈറ്റ് നിർമ്മിക്കുകയും ചെയ്തു. കൂടാതെ ഈ സ്ഥാപനത്തെക്കുറിച്ച് ഒരു വീഡിയോ നിർമ്മിച്ചു.

d. ബഥനി നെചർ ക്യൂവർ:

ബഥനി നെചർ ക്യൂവറിനെ സംബന്ധിച്ച ഒരു വീഡിയോ നിർമ്മിച്ചു. വിദ്യാർഥികൾക്കും, പൊതുജനങ്ങൾക്കും പ്രകൃതി ചികിത്സയെ സംബന്ധിച്ചും, യോഗയെക്കുറിച്ചും അവബോധം വർദ്ധിപ്പിക്കുന്നതിനുള്ള പാരിപാടികൾ നടത്തി വരുന്നു.

h. തൃപ്പാദം പാലിയേറ്റീവ് കെയർ:

ഗ്രെയ്സ് കാൻസർ കെയർ പ്രോജക്ടിലെ ഏകോപനം നടത്തുന്നത് തൃപ്പാദം മുഖേനയാണ്. ഈ പദ്ധതിയിലെ ഗുണഭോക്താക്കളുടെ ഭവനങ്ങൾ സന്ദർശിക്കുകയും മൂന്നു മാസം കൂടുമ്പോൾ അവരുടെ മീറ്റിംഗ് തൃപ്പാദത്തിൽ വച്ച് നടത്തുകയും ചെയ്യുന്നു.

12. **അന്താരാഷ്ട്ര കാൻസർ ദിനാചരണം:**

നവജീവൻ ബേർഡ്സിൻെറ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര കാൻസർ ദിനാചരണം 05.02.2019 ന് നേടുമങ്ങാട് ബഥനി ഐ.റ്റി.സി–ൽ വച്ച് നടന്നു. അതിൻെറ ഭാഗമായി “കാൻസറിനെ എങ്ങനെ തടയാം” എന്ന വിഷയത്തിൽ ഒരു സെമിനാർ സംഘടിപ്പിച്ചു. ഫാ. സിറിൽ ആനന്ദ്

ഒ.ഐ.സി (നെടുമങ്ങാട് വൈദീക ജില്ലാ വികാരി) ഏവരേയും സ്വാഗതം ചെയ്തു. ഫാ. ബാബു മൈക്കിൾ ഒ.ഐ.സി (ബഥനി സ്ഥാപനങ്ങളുടെ ഡയറക്ടർ–നെടുമങ്ങാട്) സെമിനാർ ഉത്ഘാടനം ചെയ്തു. ശ്രീഗോകുലം മെഡിക്കൽ കോളേജിലെ സർജിക്കൽ ഓങ്കോളജിസ്റ്റായ ഡോ. അൻസാർ. പി.പി ആണ് സെമിനാറിന് നേതൃത്വം കൊടുത്തത്. 200 ലധികം വിദ്യാർഥികൾ പങ്കെടുത്തു.

13. ജീവിത നൈപുണ്യ വികസന പരിപാടി
വിദ്യാർഥികൾക്ക് ജീവിത നൈപുണ്യം വർദ്ധിപ്പികുന്നതിന് ഉതകുന്ന ഒരു സെമിനാർ നവജീവൻ ബേർഡ്സിന്റെ ആഭിമുഖ്യത്തിൽ 05.10.2018 ന് കുമ്പഴ, മൗണ്ട് ബഥനി സ്കൂളിൽ വച്ച് നടത്തുകയുണ്ടായി.

14.**നേച്വറോപ്പതിയിലും യോഗയിലും അവബോധ പരിപാടി:**
നേച്വറോപ്പതിയിലും യോഗയിലും പൊതുജനങ്ങൾക്കുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനായി നവജീവൻ ബേർഡ്സിന്റെ നേതൃത്വത്തിൽ ഒരു സെമിനാർ 02.10.2018–ന് നാലാഞ്ചിറ ബഥനി നാച്വർ ക്യുവറിൽ വച്ച് സംഘടിപ്പിച്ചു. ശ്രീ.ടി.കെ. ജോസ് ഐ.ഏ.എസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, ഈ സെമിനാർ ഉത്ഘാടനം ചെയ്തു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആരംഭിക്കാനിരിക്കുന്ന നേച്വറോപ്പതിയുടേയും, യോഗയുടേയും പ്രചരണ പരിപാടികളുടെ ഉത്ഘാടനവും അദ്ദേഹം നിർവഹിച്ചു. ബഥനി നാച്വർ ക്യുവറിനെയും യോഗയേയും കുറിച്ചുള്ള ഒരു വീഡിയോ, തിരുവനന്തപുരം, ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്ക്നോളജിയിലെ രജിസ്ട്രാറായ ഡോ. ഏ.വി. ജോർജ് പ്രകാശനം ചെയ്തു. അതിനു ശേഷം "ജലവും ജലജന്യ രോഗങ്ങളും" എന്ന വിഷയത്തിൽ അദ്ദേഹം ക്ലാസെടുത്തു. 150–ൽ അധികം പൊതുജനങ്ങൾ ഈ സെമിനാറിൽ പങ്കെടുത്തു.

15.നേച്വറോപ്പതി, യോഗ എന്നിവയുടെ അവബോധ പരിപാടി:
വിദ്യാർഥികൾക്കിടയിൽ നേച്വറോപ്പതി, യോഗ എന്നിവയുടെ പ്രചരണാർഥം ഒരു സെമിനാർ 03.10.2018 ന് വേങ്കോട്, നവജീവൻ സ്കൂളിൽ വച്ച് നടന്നു. ഫാ. ജോൺ ക്രിസ്റ്റഫർ ഒ.ഐ.സി. സ്വാഗതം ആശംസിച്ചു. നവജീവൻ ബേർഡ്സിന്റെ എക്സിക്കുട്ടിവ് ഡയറക്ടറായ ഫാ. മാത്യൂ മണലുവിള

ഒ.ഐ.സി ഈ സെമിനാറിനെക്കുറിച്ച് ഒരു ആമുഖം നൽകി. നാച്ചുറോപ്പതി ദേശീയ ഇൻസ്റ്റിറ്റ്യൂട്ട്, പൂനായിലെ മുൻ ഡയറക്ടറായ ഡോ. ബാബു ജോസഫ്. എൻ.ഡി സെമിനാറിന് നേതൃത്വം നൽകി. തുടർന്ന് യോഗ പരിശീലനത്തിന് ബഥനി നാചർ ക്യുവർ ഡയറക്ടറായ ഫാ. ഫിലിപ് നേരി ഒ.ഐ.സി. യും, മെഡിക്കൽ ഓഫീസർ സി. ടിൻസിയും നേതൃത്വം നൽകി.

16. **നവജീവൻ ലൈബ്രറിയുടെയും റിസർച്ച് സെൻററിൻേറയും ഉത്ഘാടനം:**

നവജീവൻ ലൈബ്രറിയുടെയും റിസർച്ച് സെൻററിൻേറയും ഉത്ഘാടനം 05.11.2019 ന് ബഹുമാനപ്പെട്ട തിരുവനന്തപുരം എം.പി. ശ്രീ. ശശി തരൂർ നിർവഹിച്ചു. ഫാ. മാത്യൂ ജേക്കബ് തിരുവാലിൽ ഒ.ഐ.സി, പ്രൊവിൻഷ്യൽ സുപ്പീരിയർ, ബഥനി നവജീവൻ പ്രോവിൻസ്, നവജീവൻ ബേർഡ്സിൻെറ എക്സിക്കുട്ടിവ് ഡയറക്ടറായ ഫാ. മാത്യൂ മണലുവിള ഒ.ഐ.സി, മറ്റ് വൈദീകർ, സ്റ്റാഫ് അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു. വളരെയധികം അപൂർവങ്ങളായ പുസ്തകങ്ങളുടെ ഒരു ശേഖരം തന്നെ ഈ ലൈബ്രറിയിൽ ക്രമീകരിച്ചിട്ടുണ്ട്.

18 **വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾ:**

നിലവിൽ ബഥനിയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ഫീസ് ഇളവ് നൽകുന്നു.